# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2750** **19.07.2011 ൽ മറുപടിക്ക്**

## ധവളപത്രമിറക്കുവാനുള്ള സാഹചര്യങ്ങൾ

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ. റ്റി.എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ.ടി. ജലീൽ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ.) | സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് ധവള പത്രമിറക്കുവാനുള്ള സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | 13-ാം ധനകാര്യ കമ്മീഷനും കേന്ദ്രസർക്കാരും നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക ക്രമീകരണ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്വ നിയമം( Kerala Fiscal Responsibility Act) ഭേദഗതിചെയ്യാൻ സംസ്ഥാനത്തിന് കഴിഞ്ഞില്ല. ഈ മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതിലൂടെ സംസ്ഥാനത്തിന് ലഭ്യമാകാവുന്ന കേന്ദ്രസഹായം നഷ്ടപ്പെടാനിടയുണ്ട്. ആസ്തിയുടെ ഇരട്ടിയിലധികമായി കടബാദ്ധ്യത വർദ്ധിച്ച സാഹചര്യത്തിൽ ഇന്ത്യയിൽ കടബാദ്ധ്യതയാൽ ഞെരുക്കപ്പെടുന്ന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളവും ഉൾപ്പെടുന്നു. ധനകമ്മി, റവന്യു കമ്മി, കടബാധ്യത എന്നിവയെ സംബന്ധിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടാത്ത അവസ്ഥയിൽ ഇവ അനുയോജ്യമായി ക്രമീകരിക്കപ്പെടാത്ത സ്ഥിതി നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച ഒരു യഥാർത്ഥ ചിത്രം ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്ന സാഹചര്യത്തിലാണ് ധനസ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ബി.) | മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ധവള പത്രമിറക്കിയതിനെ തുടർന്ന് സ്വീകരിച്ച അതേ നടപടികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ ; | ധവളപത്രം പുറപ്പെടുവിച്ചശേഷം ഇക്കാര്യം പരിശോധിക്കപ്പെടുകയുള്ളു. |
| (സി.) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ